പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1049

12/03/2015-ൽ
മറുപടിയ്ക്ക്

**സ്കോളർ സപ്പോർട്ട് പ്രോഗ്രാം**

**ചോദ്യം**

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ.അൻവർ സാദത്ത് :
ശ്രീ.ബെന്നി ബെഹനാൻ :
ശ്രീ.ഷാഫി പറമ്പിൽ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | നടപ്പാക്കിയിട്ടുണ്ട്. പഠനവിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, ആ വിഷയത്തിൽ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അധിക പിന്തുണ നൽകുന്ന പദ്ധതിയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാം (SSP). ഇതിനായി ട്യൂഷൻ ക്ലാസ്സുകൾ, അധിക ലക്ചറുകൾ, പഠനസഹായികൾ, ക്വസ്റ്റ്യൻ ബാങ്ക് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നു. |
| (ബി) | പദ്ധതിയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വ്യക്തമാക്കാമോ; | (ബി) | ഓരോ കോളേജിലെയും തെരഞ്ഞെടുത്ത 50 ആദ്യ വർഷ ബിരുദതല വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആദ്യ വർഷം പദ്ധതിയിലേക്ക് വരുന്നവർക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുന്നതാണ്. ഏതൊക്കെ വിഷയങ്ങളിലാണ് വിദ്യാർത്ഥികൾക്ക് അധിക സഹായം നൽകേണ്ടതെന്ന് കോളേജുകൾക്ക് തീരുമാനിക്കാവുന്നതാണ്. പ്ലസ് ടു തലത്തിൽ ലഭിക്കുന്ന മാർക്ക് പരിഗണിച്ച് പിന്നിൽ നിൽക്കുന്നവർക്കാണ് പദ്ധതിപ്രകാരമുള്ള പ്രയോജനം ലഭിക്കുക. |
| (സി) | പദ്ധതി എയ്ഡഡ് കോളേജുകളിൽ കൂടി നടപ്പാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | സ്കോളർ സപ്പോർട്ട് പ്രോഗ്രാം എയ്ഡഡ് കോളേജുകളിലും നടപ്പാക്കി വരുന്നു. 2014-15 വർഷത്തിൽ 148 എയ്ഡഡ് കോളേജുകളിൽ ടി പദ്ധതി നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ